**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 708** **14-10-2026-ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മൂർദ്ധാവ് പട്ടികജാതി നഗറിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

**മറുപടി:** മൂർദ്ധാവ് പട്ടികജാതി നഗറിന്റെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനായി ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി യോഗം 09.09.2026 -ൽ ചേർന്നു. കമ്മിറ്റി, എസ്റ്റിമേറ്റിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ഏജൻസി ന്യൂനത പരിഹരിച്ച് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒക്ടോബറിൽ ചേരുന്ന ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ അംഗീകരിക്കുന്ന എസ്റ്റിമേറ്റിന് ജില്ലാ കലക്ടറുടെ ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുടെ മാനദണ്ഡപ്രകാരം മണ്ഡലത്തിൽ നിന്നും ഏതെല്ലാം നഗറുകളാണ് ഇനി പദ്ധതിയിൽ ഉൾപ്പെടുത്താൻ ശേഷിക്കുന്നതെന്ന് അറിയിക്കുമോ;

**മറുപടി:** അനുബന്ധമായി ചേർക്കുന്നു

**(സി)** 2026-2027 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മറുപടി:** 2026-27 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ബഹു. MLA- മാരുടെ ശിപാർശ പ്രകാരമാണ് പദ്ധതിയിലേക്ക് ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നത്.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| ക്രമ നം. | നഗറിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ഊരോത്ത് പള്ളിയാളിൽ | കുറ്റിപ്പുറം | 30 |
| 2 | ചെനക്കപ്പറമ്പ് നഗർ | | 36 |
| 3 | മുണ്ടൻ മാരിൽ നഗർ | | 20 |
| 4 | ബംഗ്ലാംകുന്ന് നഗർ | | 32 |
| 5 | മണിയങ്കാട് നഗർ | | 30 |
| 6 | ചെമ്പലാടൻ നഗർ | | 18 |
| 7 | നെല്ലാനിപോറ്റമ്മർ നഗർ | ഇരിമ്പിളിയം | 24 |
| 8 | തോണ്ടൽ കുഴി നഗർ | | 20 |
| 9 | കണക്കർ കാവ് നഗർ | | 25 |
| 10 | മൈലാഞ്ചി പറമ്പിൽ നഗർ | | 24 |
| 11 | കൊടലോടപ്പറമ്പ് നഗർ | | 27 |
| 12 | പറമ്പത്ത് കാവ് നഗർ | | 23 |
| 13 | ആലുംകൂട്ടം നഗർ | | 22 |
| 14 | നെല്ലിയാൻമാരിൽ നഗർ | | 28 |
| 15 | കോട്ടപ്പുറം നഗർ | | 23 |
| 16 | മനക്കൽ പടി നഗർ | എടയൂർ | 27 |
| 17 | പുത്തൻ ചോല നഗർ | | 17 |
| 18 | മയങ്ങനാലുക്കൽ നഗർ | | 20 |
| 19 | മൈലാടിക്കുന്ന് നഗർ | വളാഞ്ചേരി നഗരസഭ | 27 |
| 20 | ചോലക്കൽ നഗർ | | 22 |
| 21 | കൊട്ടാരം വെള്ളാട്ടു പടി നഗർ | | 20 |
| 22 | മഞ്ചര നഗർ | | 21 |
| 23 | നരിപ്പറ്റ നഗർ | | 17 |
| 24 | കാരാപറമ്പ് നഗർ | കോട്ടക്കൽ നഗരസഭ | 17 |
| 25 | പണിക്കർക്കണ്ട് നഗർ | | 16 |